ഓർമ്മക്കുറിപ്പ് -II

ടെലഫോൺ.2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപ്)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം

നമ്പർ.5640/ബി2-എസ്റ്റാ/2020/എൻ.സി.സി

01 ജൂലൈ 2021

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്
തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം,
കോഴിക്കോട്

സർ,

വിഷയം : ഇന്ത്യൻ സായുധ സേനയിലെ എക്സ് കമ്പാറ്റന്റ് ക്ലാർക്ക് സ്റ്റോർമാൻ തസ്തികയിൽ നിന്നും വിരമിച്ച വിമുക്തഭടൻമാർക്ക് സംസ്ഥാന സർവ്വീസിലെ എൽ.ഡി ക്ലാർക്ക്/ജൂനിയർ ക്ലാർക്ക്/സ്റ്റോർമാൻ/ടൈപ്പിസ്റ്റ് എന്നീ തസ്തികളിൽ പുനർ നിയമനം ലഭിക്കുമ്പോൾ അനുവദിക്കുന്ന ശമ്പള നിർണ്ണയ ആനുകൂല്യം റദ്ദാക്കി ഉത്തരവ് പുറപ്പെടുവിച്ചത് - സംബന്ധിച്ച്.

സൂചന : ഈ കാര്യാലയത്തിലെ 12/02/2021 & 07/04/2021 തീയതികളിലെ ഇതേ നമ്പർ സർക്കുലർ കത്തുകൾ.

1. മേൽ സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. ഇന്ത്യൻ സായുധ സേനയിലെ എക്സ് കമ്പാറ്റന്റ് ക്ലാർക്ക്, സ്റ്റോർമാൻ തസ്തികയിൽ നിന്നും വിരമിച്ച വിമുക്തഭടൻമാർക്ക് സംസ്ഥാന സർവ്വീസിൽ പുനർ നിയമനം ലഭിക്കുമ്പോൾ അനുവദിക്കുന്ന ശമ്പള നിർണ്ണയ വിവരങ്ങൾ സൂചന 1 പ്രകാരം എല്ലാ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകളും ടി വിവരങ്ങൾ പരിശോധിച്ച് ,ക്രോഡീകരിച്ച്, ഈ കാര്യാലയത്തിൽ അയച്ച് തരണമെന്ന് അറിയിച്ചിരുന്നെങ്കിലും നാളിതുവരെ ടി വിവരങ്ങൾ ഈ കാര്യാലയത്തിൽ ലഭ്യമായിട്ടില്ല. ആയതിനാൽ എല്ലാ മാനേജർ/സീനിയർ സൂപ്രണ്ടുമാർ പ്രസ്തുത വിഷയം പരിശോധിച്ച് സൂചന 1 പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ 31/07/2021-ന് മുൻപായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ് . ഇക്കാര്യത്തിൽ സമയപരിധി കൃത്യമായി പാലിക്കണമെന്ന് ഒരിക്കൽ കൂടി ആവശ്യപ്പെടുന്നു.

2. ടി നിർദ്ദേശങ്ങൾ എല്ലാ ഓഫീസുകളും കർശനമായി പാലിക്കേണ്ടതാണ്. നിർദ്ദേശം പാലിക്കാതെ വരുന്നത് സർക്കാർ ഉത്തരവിന്റെ ലംഘനമായി കണക്കാക്കി മുകളിൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങളിൽ വീഴ്ച വരുത്തുന്ന പക്ഷം, ആയത് ഗൗരവമായി കാണുന്നതും ആയിരിക്കും എന്ന് കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ

(കെ അനിൽകുമാർ)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി

കെ